# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2467** **08.03.2017- ൽ മറുപടിക്ക്**

**പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളിൽ 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിൽ എത്രയെണ്ണം പ്രവർത്തിച്ചു എന്ന് അറിയിക്കാമോ;<br><br>(ബി) ഓരോ മില്ലും എത്ര ദിവസം ലേ ഓഫ്/ലോക്ക് ഔട്ട് ചെയ്തുവെന്ന് മില്ലുകളുടെ പേര് സഹിതം വെളിപ്പെടുത്തുമോ; | (എ) & (ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ 2016 ആഗസ്റ്റ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിലെ പ്രവർത്തന വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**കോട്ടയം ടെക്സ്റ്റൈൽസ്**<br>2016 ആഗസ്റ്റ് മാസം മുതൽ 2016 സെപ്തംബർ മാസം 29-ാം തീയതി വരെ പ്രവർത്തിച്ചു. 2016 സെപ്തംബർ 30 മുതൽ 2017 ഫെബ്രുവരി മാസം 19 വരെ പ്രവർത്തിച്ചില്ല (143 ദിവസം ലേ-ഓഫ് ചെയ്തു).2017 ഫെബ്രുവരി 20 ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി.<br>**മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്**<br>2016 ആഗസ്റ്റ്, സെപ്തംബർ,ഒക്ടോബർ മാസം 18-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഒക്ടോബർ 19 മുതൽ 2017 ഫെബ്രുവരി 19 വരെ പ്രവർത്തിച്ചില്ല (124 ദിവസം ലേ-ഓഫ് ചെയ്തു) 2017 ഫെബ്രുവരി 20ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി.<br>**പ്രഭുറാം മിൽസ്**<br>2016 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസം 20-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഒക്ടോബർ 21 മുതൽ 2017 ഫെബ്രുവരി 21 വരെ പ്രവർത്തിച്ചില്ല(124 ദിവസം ലേ-ഓഫ് ചെയ്തു) 2017 ഫെബ്രുവരി 22ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി.<br>**എടരിക്കോട് ടെക്സ്റ്റൈൽസ്**<br>2016 ആഗസ്റ്റ്, സെപ്തംബർ,ഒക്ടോബർ മാസം 24-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഒക്ടോബർ 25 മുതൽ 2017 ഫെബ്രുവരി 19 വരെ പ്രവർത്തിച്ചില്ല (118 ദിവസം ലേ-ഓഫ് ചെയ്തു) 2017 ഫെബ്രുവരി 20ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി. |

**കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ**

2016 ആഗസ്റ്റ്, സെപ്റ്റംബർ,ഒക്ടോബർ, നവംബർ മാസം 30-ാം തീയതി വരെ പ്രവർത്തിച്ചു. 2016 ഡിസംബർ 1 മുതൽ 2017 ഫെബ്രുവരി 21 വരെ പ്രവർത്തിച്ചില്ല (81 ദിവസം നോ-വർക്ക് അടിസ്ഥാനത്തിൽ താൽക്കാലികമായി പ്രവർത്തിച്ചില്ല). 2017 ഫെബ്രുവരി 22 ന് വീണ്ടും പ്രവർത്തിച്ചു തുടങ്ങി.

ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ 6 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഈ കാലയളവിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവംബർ 15 മുതൽ ഫെബ്രുവരി 20 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒക്ടോബർ മാസം 1 മുതൽ 16 വരെയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ഒക്ടോബർ മാസം 1 മുതൽ 16 വരെയും നവംബർ 1 മുതൽ 12 വരെയും, ഡിസംബർ 1 മുതൽ 6 വരെയും ജനവരി 1 മുതൽ 14 വരെയും, ഫെബ്രുവരി 1 മുതൽ 17 വരെയും പ്രവർത്തിച്ചിരുന്നില്ല.

| | |
|---|---|
| (സി) സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അടച്ചു പൂട്ടിയവ തുറന്ന് പ്രവർത്തിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റുകളൊന്നും അടച്ചുപൂട്ടിയിട്ടില്ല. വൈദ്യുതി കുടിശ്ശികയുടെ പേരിൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതു മൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ) താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹു.വൈദ്യുതി മന്ത്രിയുടെ സാന്നിധ്യത്തിൽ 10.01.2017 തീയതിയിലുണ്ടായ യോഗതീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20,22 തീയതികളിൽ വീണ്ടും പ്രവർത്തിച്ചു തുടങ്ങി. |

കോർപ്പറേഷന്റെയും സഹകരണമേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം കൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചു തുടങ്ങി.

സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 18.01.2017 ലെ ജി.ഒ.(സാധാ)നം.88/ 2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ 7 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

കൂടാതെ മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവടങ്ങളിലെ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ